GOVERNMENT OF KERALA

Action Taken Memorandum on the findings of

# District Judge (Rtd.) Sri. P.S. Antony Commission of Inquiry

Home (SSA) Department, Government Secretariat
Thiruvananthapuram

**1952-ലെ കമ്മീഷൻസ് ഓഫ് എൻക്വയറി ആക്റ്റിലെ സെക്ഷൻ 3(4) പ്രകാരം 2017 മാർച്ച് 26-ന് മംഗളം ചാനലിൽ വന്ന വാർത്തയെക്കുറിച്ച് അന്വേഷിക്കുന്നതിനായി നിയമിച്ച റിട്ട.ജില്ലാ ജഡ്ജി ശ്രീ.പി.എസ്.ആന്റണി കമ്മീഷൻ റിപ്പോർട്ടിലെ കണ്ടെത്തലുകളിലും ശിപാർശകളിന്മേൽ സ്വീകരിച്ച നടപടികളെ കുറിച്ചും നിയമസഭയ്ക്ക് സമർപ്പിക്കുന്ന മെമ്മോറാണ്ടം ഓഫ് ആക്ഷൻ**

---

2017 മാർച്ച് 26-ന് മംഗളം ചാനൽ സംപ്രേക്ഷണം ചെയ്ത വാർത്തയെക്കുറിച്ച് അന്വേഷിക്കുന്നതിനായി 31.03.2017 തീയതിയിലെ 29780/SSA2/2017/ആഭ്യന്തരം നമ്പർ വിജ്ഞാപനപ്രകാരം രൂപീകരിച്ച റിട്ട. ജില്ലാ ജഡ്ജി ശ്രീ പി. എസ്. ആന്റണി കമ്മീഷൻ 21.11.2017 ൽ റിപ്പോർട്ട് സർക്കാരിൽ സമർപ്പിക്കുകയുണ്ടായി. പ്രസ്തുത റിപ്പോർട്ട് 22.11.2017-ാം തീയതിയിലെ മന്ത്രിസഭായോഗം പരിഗണിക്കുകയും റിപ്പോർട്ടിലെ ശിപാർശകൾ പൊതുവിൽ അംഗീകരിക്കുകയും, ഒന്ന് മുതൽ അഞ്ച് വരെയും എഴ് മുതൽ പതിനാറ് വരെയുമുള്ള ശിപാർശകളിന്മേൽ സ്വീകരിക്കേണ്ട തുടർനടപടികൾ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായി 25.11.2017-ലെ സ.ഉ. (എം.എസ്) നം. 245/2017/ആഭ്യന്തരം നമ്പർ ഉത്തരവ് പ്രകാരം ആഭ്യന്തര വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി, ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, നിയമവകുപ്പ് സെക്രട്ടറി എന്നിവർ അംഗങ്ങളായി സെക്രട്ടറിതല കമ്മിറ്റി രൂപീകരിക്കുകയും, ആറാമത് ശിപാർശയിന്മേൽ ആവശ്യമായ നടപടികൾ സ്വീകരിക്കുവാൻ സംസ്ഥാന പോലീസ് മേധാവിയെ ചുമതലപ്പെടുത്തുകയുമുണ്ടായി (ഉത്തരവിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു). സെക്രട്ടറിതല കമ്മിറ്റിയുടെ ആദ്യയോഗം ചേരുകയും യോഗ തീരുമാനങ്ങളിന്മേൽ നടപടികൾ സ്വീകരിച്ച് വരികയുമാണ്.

സിംജി ജോസഫ്
അഡീഷണൽ സെക്രട്ടറി
ആഭ്യന്തര വകുപ്പ്
ഗവ. സെക്രട്ടറിയേറ്റ്
തിരുവനന്തപുരം

**കേരള സർക്കാർ**

സംഗ്രഹം

ആഭ്യന്തര വകുപ്പ് - 2017 മാർച്ച് 26-ന് മംഗളം ചാനലിൽ വന്ന വാർത്തയെക്കുറിച്ച് അന്വേഷിക്കുന്നതിനായി നിയമിച്ച റിട്ട. ജില്ലാ ജഡ്ജി ശ്രീ.പി.എസ്.ആന്റണി അന്വേഷണ കമ്മീഷന്റെ നിഗമനങ്ങളും ശുപാർശകളുമടങ്ങിയ റിപ്പോർട്ടിന്മേൽ തുടർനടപടികൾ കൈക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ആഭ്യന്തര (രഹസ്യ വിഭാഗം - എ) വകുപ്പ്

സ.ഉ.(എം.എസ്.)നം. 245 /2017/ആഭ്യന്തരം തീയതി, തിരുവനന്തപുരം,25.11.2017

---

പരാമർശം:- 1. 31.03.2017-ൽ 29780/എസ്.എസ്.എ 2/2017/ആഭ്യന്തരം നമ്പരായി പുറപ്പെടുവിച്ച എസ്.ആർ.ഒ. നം.167/2017 നമ്പർ വിജ്ഞാപനം.

2. 21.11.2017-ൽ സമർപ്പിച്ച റിട്ട. ജില്ലാ ജഡ്ജി പി.എസ്. ആന്റണി അന്വേഷണ കമ്മീഷൻ റിപ്പോർട്ട്.

**ഉത്തരവ്**

2017 മാർച്ച് 26-ന് മംഗളം ടെലിവിഷൻ ചാനലിൽ സംപ്രേഷണം ചെയ്ത വാർത്തയെക്കുറിച്ച് അന്വേഷിക്കുന്നതിനായി താഴെപ്പറയുന്ന ടേംസ് ഓഫ് റഫറൻസ് (പരിഗണനാ വിഷയങ്ങൾ) ഉൾപ്പെടുത്തിക്കൊണ്ട് റിട്ട. ജില്ലാ ജഡ്ജി ശ്രീ.പി.എസ്.ആന്റണിയെ പരാമർശം 1 പ്രകാരം സർക്കാർ അന്വേഷണ കമ്മീഷനായി നിയമിച്ചു.

(i) 26.03.2017-ൽ മംഗളം ടി.വി. ചാനലിൽ സംസ്ഥാന മന്ത്രിയുടേത് എന്ന് പറഞ്ഞ് സംപ്രേഷണം ചെയ്ത സംഭാഷണമടക്കമുള്ള വാർത്തയുടെ നിജസ്ഥിതി എന്താണെന്ന് അന്വേഷിക്കുക.

(ii) പ്രസ്തുത സംഭാഷണം ഏത് സാഹചര്യത്തിൽ ഉണ്ടായതാണ് എന്നന്വേഷിക്കുക.

(iii) റെക്കോർഡ് ചെയ്ത പ്രസ്തുത സംഭാഷണം പിന്നീട് ദുരുദ്ദേശപരമായി എഡിറ്റ് ചെയ്യപ്പെടുകയോ, കൃത്രിമം കാണിക്കുകയോ ഉണ്ടായിട്ടുണ്ടോ എന്നും അതിനു പിന്നിൽ ആരെല്ലാം പ്രവർത്തിച്ചിട്ടുണ്ട് എന്നും അന്വേഷിക്കുക.

(iv) സംഭാഷണം സംപ്രേഷണം ചെയ്തതിൽ നിയമലംഘനമോ, നിയമവിരുദ്ധമായ കൃത്യങ്ങളോ ഗൂഢാലോചനയോ ഉണ്ടായിട്ടുണ്ടോ എന്നും അങ്ങനെ ഉണ്ടായിട്ടുണ്ടെങ്കിൽ ഇത് സംബന്ധിച്ച്

സ്വീകരിക്കേണ്ട നിയമ നടപടികൾ എന്തെല്ലാം എന്നും അന്വേഷിക്കുക.

(v) ഈ കേസ്സുമായി ബന്ധപ്പെട്ടതെന്ന് കമ്മീഷൻ കാണുന്ന മറ്റ് കാര്യങ്ങൾ.

അന്വേഷണ കമ്മീഷൻ 21.11.2017-ൽ പരാമർശം 2 പ്രകാരമുള്ള റിപ്പോർട്ട് സർക്കാരിൽ സമർപ്പിച്ചു. അന്വേഷണ കമ്മീഷന്റെ ടേംസ് ഓഫ് റഫറൻസിന്മേലുള്ള കമ്മീഷന്റെ നിഗമനങ്ങൾ **അനുബന്ധം ആയി ചേർത്തിട്ടുണ്ട്.**

അന്വേഷണ കമ്മീഷൻ റിപ്പോർട്ടിലെ ശിപാർശകൾ താഴെപ്പറയുന്നവയാണ്.

1) റിപ്പോർട്ടിന്റെ കോപ്പി, കേന്ദ്ര ഗവൺമെന്റിലെ സെക്രട്ടറി, ഇൻഫർമേഷൻ ആന്റ് ബ്രോഡ്കാസ്റ്റിംഗ് മന്ത്രാലയത്തിന് അയച്ചുകൊടുത്ത് മംഗളം ടെലിവിഷൻ ചാനലിനെതിരെയുള്ള പരാതി പുന:പരിഗണിച്ച് (റീ ഓപ്പൺ), ചാനൽ നടത്തുന്നതിനാവശ്യമായ ബ്രോഡ്കാസ്റ്റിംഗ് ലൈസൻസ് റദ്ദാക്കൽ ഉൾപ്പെടെയുള്ള നടപടി സ്വീകരിക്കാൻ സർക്കാർ ശിപാർശ ചെയ്യണം.
2) റിപ്പോർട്ടിന്റെ പകർപ്പ് പ്രസ് കൗൺസിൽ ഓഫ് ഇന്ത്യയ്ക്ക് ആവശ്യമായ നടപടിക്ക് അയച്ചുകൊടുക്കണം.
3) മംഗളം ടെലിവിഷൻ ചാനലിന് സ്വയം നിയന്ത്രണം ഇല്ലാതിരുന്നതും NBA അംഗത്വം ഇല്ലാതിരുന്നതും ഇൻഫർമേഷൻ ആന്റ് ബ്രോഡ്കാസ്റ്റിംഗ് മന്ത്രാലയത്തിന്റെ ശ്രദ്ധയിൽ കൊണ്ടുവരണം.
4) കോടതി മുമ്പാകെ രജിസ്റ്റർ ചെയ്ത രണ്ട് ക്രിമിനൽ കേസുകളിൽ അന്വേഷണം ഊർജ്ജിതമാക്കുകയും, വോയ്സ് ക്ലിപ്പിംഗ് ടെലികാസ്റ്റ് ചെയ്തതിന് ടെലിവിഷൻ ചാനലിനെയും ചാനൽ ഉടമയായ കമ്പനിയെയും, അതിന് പിന്നിൽ പ്രവർത്തിച്ച വ്യക്തികളെയും ഐടി ആക്ടിലെ സെക്ഷൻ 67, 67A, 84B, 85 ഇന്ത്യൻ ശിക്ഷാനിയമത്തിലെ സെക്ഷൻ 120B, 201, 294, 463, 464, 469, 470, 471 എന്നിവ പ്രകാരം ശിക്ഷാർഹമായ കുറ്റകൃത്യങ്ങൾക്ക് പ്രോസിക്യൂട്ട് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുകയും വേണം.
5) CW1 ആർ. അജിത് കുമാറിനെ ഇന്ത്യൻ ശിക്ഷാ നിയമം സെക്ഷൻ 182 പ്രകാരം പ്രോസിക്യൂട്ട് ചെയ്യാൻ നടപടി സ്വീകരിക്കണം.
6) ഇപ്പോൾ നടന്ന അന്വേഷണത്തിൽ ഉണ്ടായിട്ടുള്ള ഗൗരവമായ വീഴ്ചകൾ അധ്യായം 17.3-ൽ ചർച്ച ചെയ്തിട്ടുണ്ട്. വോയിസ് ക്ലിപ്പിംങ് സംപ്രേഷണം ചെയ്തതിന് പിന്നിലെ രാഷ്ട്രീയ മാനങ്ങൾ ഉൾപ്പെടെയുള്ള ക്രിമിനൽ ഗൂഢാലോചനയുടെ അന്വേഷണം വേഗത്തിൽ പൂർത്തിയാക്കാൻ പോലീസ് ചീഫിന് നിർദ്ദേശം നൽകണം.
7) സൈബർ ക്രൈം കേസുകളുടെ വിചാരണ വേഗത്തിൽ പൂർത്തിയാക്കാൻ അഡീഷണൽ ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ് പദവിയിലുള്ള ഒരു പ്രത്യേക കോടതി എറണാകുളത്ത് സ്ഥാപിക്കണം. സൈബർ ക്രൈമുകൾ

വർദ്ധിച്ച വരുന്ന പ്രവണത കണക്കിലെടുത്ത്, ഇത് പ്രത്യേക കോടതിയായി പ്രവർത്തിക്കാൻ അനുവദിക്കണം.

8) ജില്ലാ തലത്തിലെങ്കിലും പോലീസിൽ ഒരു സൈബർ ക്രൈം ഡിവിഷൻ രൂപീകരിച്ച് പ്രത്യേക യോഗ്യതയും പരിശീലനവും ലഭിച്ച പോലീസ് ഉദ്യോഗസ്ഥരുടെ സേവനം ഉപയോഗിച്ച് സൈബർ ക്രൈം അന്വേഷണം നടത്താനും, സൈബർ ക്രൈം കുറയ്ക്കാനും നടപടി സ്വീകരിക്കണം.

9) നിലവിൽ വിപുലവും കാര്യക്ഷമവുമായി ഇലക്ട്രോണിക് ബ്രോഡ്കാസ്റ്റിംഗ് മീഡിയയെ നിയന്ത്രിക്കാൻ നിയമമില്ലാത്ത സാഹചര്യത്തിൽ കേന്ദ്ര സർക്കാരിനോട് ഇന്ത്യൻ ടെലിഗ്രാഫ് ആക്ട് 1885, ഇന്ത്യൻ വയർലെസ് ടെലിഗ്രാഫി ആക്ട് 1933, ദി കേബിൾ ടെലിവിഷൻ നെറ്റ് വർക്ക് (റെഗുലേഷൻ) ആക്ട് 1995, ദി ടെലികോം റെഗുലേറ്ററി ആക്ട് 1997 എന്നിവ പിൻവലിച്ച് ബ്രിട്ടനിൽ നിലവിലുള്ള കമ്മ്യൂണിക്കേഷൻ ആക്ട് 2003 മാതൃകയിൽ നിയമമുണ്ടാക്കാൻ ശിപാർശ ചെയ്യണം. പ്രസ്തുത നിയമ പ്രകാരം ഓഫീസ് ഓഫ് കമ്മ്യൂണിക്കേഷൻ ബ്രോഡ് കാസ്റ്റ് മീഡിയയുടെ ഒരു റെഗുലേറ്ററി ബോഡിയാണ്.

10) വിപുലമായ നിയമത്തിന് പകരമായി തത്ക്കാലത്തേക്ക് കേന്ദ്ര സർക്കാരിനോട് പ്രസ് കൗൺസിലിനെ മീഡിയ കൗൺസിലായി രൂപാന്തരം വരുത്തി പ്രൈവറ്റ് ഇലക്ട്രോണിക് മീഡിയയെ നിയന്ത്രിക്കുന്നതിനുള്ള അധികാരം നൽകി പ്രസ് കൗൺസിൽ ആക്ട് 1978-ന് യോജിച്ച രീതിയിൽ ഭേദഗതി വരുത്തുവാൻ ആവശ്യപ്പെടാം. ഇക്കാര്യം ജസ്റ്റിസ് മാർക്കണ്ഡേയ കട്ജു പ്രസ് കൗൺസിൽ ഓഫ് ഇന്ത്യ ചെയർമാൻ ആയിരുന്നപ്പോൾ നിർദ്ദേശിച്ചിരുന്നതാണ്.

11) ഇൻഫർമേഷൻ ആന്റ് ബ്രോഡ്കാസ്റ്റിംഗ് മന്ത്രാലയത്തിന് റിപ്പോർട്ടിന്റെ പകർപ്പ് അയച്ചുകൊടുക്കുമ്പോൾ കമ്മീഷൻ അധ്യായം 19-ൽ മാധ്യമങ്ങളെക്കുറിച്ചും, മാധ്യമ സദാചാരത്തെക്കുറിച്ചും നടത്തിയിട്ടുള്ള നിരീക്ഷണങ്ങളും കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തേണ്ടതാണ്.

12) മാധ്യമങ്ങളുമായും പത്രപ്രവർത്തകരുമായും സംസ്ഥാന മന്ത്രിമാർ ഇടപെടുന്ന കാര്യത്തിൽ പൊതുവായി ഒരു പെരുമാറ്റ ചട്ടം രൂപീകരിക്കേണ്ടതാണ്.

13) ലിസ്റ്റ് 1 യൂണിയൻ ലിസ്റ്റിൽ 31-ാമത്തെ ഇനമായി 'ബ്രോഡ്കാസ്റ്റിംഗ് ആന്റ് അദർ ലൈക്ക് ഫോംസ് ഓഫ് കമ്മ്യൂണിക്കേഷൻ' എന്ന് ഉൾപ്പെടുത്തിയിരിക്കുന്നതിനാൽ കേരള സംസ്ഥാന നിയമസഭ ഒരു പ്രമേയത്തിലൂടെ സ്വകാര്യ ഇലക്ട്രോണിക് - ബ്രോഡ്കാസ്റ്റിംഗ് മീഡിയയ്ക്ക് നിയന്ത്രണം ഏർപ്പെടുത്തുന്നതിന് ശിപാർശ 9 അനുസരിച്ച് നിയമം ഉണ്ടാക്കാൻ കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിക്കേണ്ടതാണ്.

14) സംസ്ഥാന നിയമസഭ 1860-ലെ ഇന്ത്യൻ ശിക്ഷാ നിയമത്തിന്റെ വകുപ്പ് 294 താഴെ പറയും പ്രകാരം ഭേദഗതി ചെയ്യാലും.

a. പുതിയതായി ഒരു "ഉപവകുപ്പ് (C) അശ്ലീല പ്രവർത്തി, കാഴ്ച (scene), പാട്ട്, അല്ലെങ്കിൽ വാക്ക് ഏതെങ്കിലും ഇലക്ട്രോണിക്

ഉപകരണം ഉപയോഗിച്ചോ അല്ലെങ്കിൽ ശബ്ദ ദൃശ്യ മാധ്യമങ്ങളിലൂടെ സംപ്രേഷണം ചെയ്തോ"

b. നിലവിലുള്ള വാക്കുകൾ "മൂന്ന് മാസം വരെയാകാവുന്ന" എന്ന വാക്ക് "മൂന്ന് വർഷം വരെയാകാവുന്ന" വാക്കുകളാക്കി മാറ്റുക.

c. നിലവിലുള്ള ഇന്ത്യൻ ശിക്ഷാ നിയമത്തിന്റെ വകുപ്പ് 294-ന് അവസാനമായി താഴെ പറയുന്ന വിശദീകരണം ചേർക്കുക

"വിശദീകരണം - കേവലമായ സംപ്രേഷണം മാത്രം മതി കുറ്റകരമാകുവാൻ"

15) യുവതലമുറയ്ക്ക് മാധ്യമങ്ങളുടെ വിശേഷിച്ച് സോഷ്യൽ മീഡിയയുടെ, ഗുണ ദോഷങ്ങളെക്കുറിച്ച് സ്കൂൾ തലം മുതൽ വിദ്യാഭ്യാസം നൽകി കൊണ്ട്, മാധ്യമ പ്രവർത്തനം ഉത്തരവാദിത്തമുള്ളതാക്കാൻ വേണ്ട നടപടി ഗവൺമെന്റ് സ്വീകരിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യണം. മാധ്യമ സ്ഥാപനങ്ങൾ ധാർമ്മിക മാധ്യമ പ്രവർത്തനം പിന്തുടരണം. ധാർമ്മിക മാധ്യമപ്രവർത്തനത്തെക്കുറിച്ചുള്ള അവബോധം വർദ്ധിപ്പിക്കുന്നതിന് കേരള മീഡിയ അക്കാദമി മുന്നിട്ടിറങ്ങണം. മാധ്യമ അക്രഡിറ്റേഷൻ പുതുക്കുന്നതിനുള്ള മുൻ ഉപാധിയായി എല്ലാ മാധ്യമപ്രവർത്തകരും വർഷത്തിൽ ഒരിക്കൽ കേരള മീഡിയ അക്കാദമിയുടെ തുടർ മാധ്യമ വിദ്യാഭ്യാസ [Continuing Media Education (CME)] ത്തിന്റെ ഭാഗമായി മാധ്യമ നിയമത്തെക്കുറിച്ചും ധാർമ്മിക മാധ്യമ പ്രവർത്തനത്തെക്കുറിച്ചും റിഫ്രെഷ്മെന്റ് കോഴ്സിന് നിർബന്ധമായും വിധേയരാകണം.

16) മംഗളം ടെലിവിഷൻ ചാനൽ ഉടമയായ ജി.എൻ. ഇൻഫോ മീഡിയ പ്രൈവറ്റ് ലിമിറ്റഡ് കമ്പനിക്കെതിരെയും, തെറ്റായ വാർത്ത (വോയിസ് ക്ലിപ്പിംഗ്) സംപ്രേഷണം ചെയ്ത് സംപ്രേഷണം വ്യവസ്ഥകൾ ലംഘിച്ചതിന് ഉത്തരവാദികളായ വ്യക്തികൾക്കെതിരെയും പൊതുഖജനാവിന് നഷ്ടം വരുത്തിയതിന് നഷ്ടപരിഹാരത്തിന് നടപടി സ്വീകരിക്കാൻ സർക്കാരിന് ഉചിതമായ തീരുമാനം കൈക്കൊള്ളാവുന്നതാണ്.

കമ്മീഷന്റെ ടേംസ് ഓഫ് റഫറൻസിൽ കമ്മീഷൻ എത്തിച്ചേർന്നിട്ടുള്ള നിഗമനങ്ങളും 1 മുതൽ 16 വരെയുള്ള മേൽ ശിപാർശകളും സർക്കാർ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ആയവ പൊതുവിൽ അംഗീകരിച്ച് ഉത്തരവാകുന്നു.

മേൽ വിവരിച്ചിട്ടുള്ള ഒന്ന് മുതൽ അഞ്ച് വരെയും ഏഴ് മുതൽ പതിനാറ് വരെയുമുള്ള കമ്മീഷന്റെ ശിപാർശകളിന്മേൽ സ്വീകരിക്കേണ്ട തുടർനടപടികളെ സംബന്ധിച്ച് പരിശോധിച്ച് റിപ്പോർട്ട് നൽകുന്നതിനായി താഴെ ചേർത്തിട്ടുള്ള ഒരു കമ്മിറ്റിയെ ചുമതലപ്പെടുത്തി ഉത്തരവാകുന്നു.

| | | |
|---|---|---|
| ചീഫ് സെക്രട്ടറി | - | അധ്യക്ഷൻ |
| അഡീഷണൽ ചീഫ് സെക്രട്ടറി (ആഭ്യന്തരവും വിജിലൻസും) | - | മെമ്പർ |

| | | |
|---|---|---|
| പ്രിൻസിപ്പൽ സെക്രട്ടറി (I & PRD) | - | മെമ്പർ |
| സെക്രട്ടറി, നിയമ വകുപ്പ് | - | മെമ്പർ |

കമ്മീഷൻ റിപ്പോർട്ടിലെ 6-ാമത്തെ ശിപാർശയിന്മേൽ ആവശ്യമായ നടപടി സ്വീകരിക്കുവാൻ സംസ്ഥാന പോലീസ് മേധാവിയെ ചുമതലപ്പെടുത്തിയും ഉത്തരവാകുന്നു.

കമ്മീഷൻ റിപ്പോർട്ടും അതിന്മേൽ സ്വീകരിച്ച നടപടികളും കമ്മീഷൻ ഓഫ് എൻക്വയറി ആക്ടിലെ സെക്ഷൻ 3(4) പ്രകാരം കമ്മീഷൻ റിപ്പോർട്ട് സമർപ്പിച്ച തീയതി മുതൽ 6 മാസത്തിനകം നിയമസഭയ്ക്ക് സമർപ്പിക്കേണ്ടതാണ്. കൂടാതെ കമ്മീഷൻ റിപ്പോർട്ട് നിയമസഭയ്ക്ക് സമർപ്പിക്കുന്നതുവരെ റിപ്പോർട്ട് വിവരാവകാശ രേഖയായി നൽകേണ്ടതില്ലാ എന്നും ഇതിനാൽ ഉത്തരവാകുന്നു.

**ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,**
**ഡോ.കെ.എം. എബ്രഹാം**
**ചീഫ് സെക്രട്ടറി**

ചീഫ് സെക്രട്ടറിക്കും ബന്ധപ്പെട്ട സെക്രട്ടറിമാർക്കും
സംസ്ഥാന പോലീസ് മേധാവി, കേരളം, തിരുവനന്തപുരം.
സെക്രട്ടറി, ശ്രീ.പി.എസ്. ആന്റണി കമ്മീഷൻ.
പൊതുഭരണ (എസ്.സി) വകുപ്പ്
വെബ് & ന്യൂ മീഡിയ, I & PRD
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം/അയയ്ക്കുന്നത്**

**സെക്ഷൻ ഓഫീസർ**

അനുബന്ധം

# കമ്മീഷന്റെ നിഗമനങ്ങൾ

**ഒന്നാം നമ്പർ ടേംസ് ഓഫ് റഫറൻസിന്മേലുള്ള നിഗമനം:**

26.03.2017 ൽ മംഗളം ടെലിവിഷൻ ചാനൽ സംപ്രേഷണം ചെയ്ത മന്ത്രിയുടേതാണെന്ന് പറയപ്പെടുന്ന ശബ്ദശകലത്തിന്റെ നിജസ്ഥിതി തെളിയിക്കപ്പെട്ടിട്ടില്ല. ചാനലിന്റെ തുടക്ക ദിവസത്തിൽ തന്നെ ഞെട്ടിപ്പിക്കുന്ന വാർത്ത നൽകി റേറ്റിംങ് വർദ്ധിപ്പിക്കുന്നതിനുവേണ്ടി കുറ്റകരമായ ഗൂഢാലോചന നടത്തിയതിന്റെ ഉത്പന്നമാണ് ആ ശബ്ദശകലം.

**രണ്ടാം നമ്പർ ടേംസ് ഓഫ് റഫറൻസിന്മേലുള്ള നിഗമനം:**

കേരളത്തിലെ ഒരു മന്ത്രിയുടെ രാജിയിലേക്ക് നയിച്ച ശബ്ദശകലത്തിന് അടിസ്ഥാനമായ സംഭാഷണത്തിന് ഇടയായ സാഹചര്യം എന്നത് ചാനൽ ആരംഭ ദിവസത്തിൽ തന്നെ ഞെട്ടിക്കുന്നൊരു വാർത്ത സൃഷ്ടിച്ച് ചാനലിന് ഉയർന്ന റേറ്റിംങ് ഉണ്ടാക്കാൻ വേണ്ടിയുള്ള മംഗളം ടെലിവിഷൻ ചാനലിന്റെ ക്രിമിനൽ ഗൂഢാലോചനയായിരുന്നു.

**മൂന്നാം നമ്പർ ടേംസ് ഓഫ് റഫറൻസിന്മേലുള്ള നിഗമനം:**

ഉദ്ഘാടന ദിവസം തന്നെ ഞെട്ടിക്കുന്ന ഒരു വാർത്ത സംസ്ഥാനത്തെ മന്ത്രിയെക്കുറിച്ച് സൃഷ്ടിച്ച്, അത് അദ്ദേഹത്തിന്റെ രാജിയിലേക്ക് നയിച്ച്, ബഹുജനസമ്മതിയും, റേറ്റിംങും നേടിയെടുക്കാൻ വേണ്ടിയുള്ള ദുരുദ്ദേശപരമായ ഗൂഢാലോചനയുടെ ഫലമാണ് എഡിറ്റ് ചെയ്തും കൃത്രിമം നടത്തിയും ഉണ്ടാക്കിയ ശബ്ദശകലം. താഴെ പറയുന്ന വ്യക്തികൾക്ക് ഈ ശബ്ദശകല നിർമ്മിതിയിൽ നേരിട്ടുള്ള പങ്കാളിത്തമുണ്ട്:-

1. CW1 (Case Witness) ആർ. അജിത്കുമാർ
2. CW3 ആർ. ജയചന്ദ്രൻ
3. CW10 നാസില നസിമുദ്ദീൻ

26.03.2017 ലെ ശബ്ദശകലം സംപ്രേഷണം ചെയ്യുന്നതിൽ CW8 എസ്.വി പ്രദീപിനും, CW1 അജിത് കുമാറിനൊപ്പം സജീവ പങ്കാളിത്തമുണ്ട്.

ശബ്ദശകലം സംപ്രേഷണം ചെയ്യുന്നതിൽ താഴെ പറയുന്ന വ്യക്തികളുടെ പങ്കാളിത്തം സംബന്ധിച്ച് പോലീസ് അന്വേഷണത്തിൽ വ്യക്തത വരുത്തേണ്ടതാണ്.

1. CW4 എം.പി സന്തോഷ്
2. CW5 റിഷി കെ. മനോജ്
3. CW6 എം. ലക്ഷ്മി മോഹൻ
4. CW7 ഫിറോസ് സാലി മുഹമ്മദ്
5. CW9 മഞ്ജിത്ത് വർമ്മ

മംഗളം ടെലിവിഷൻ ചാനലിന്റെ ഉടമസ്ഥതയുള്ള കമ്പനിയുടെ ഡയറക്ടർ / ചെയർമാൻ ആയ CW2 സാജൻ വർഗീസ്. ചാനലിന്റെ പ്രവൃത്തികളിൽ കൂടി പങ്കാളിത്തം വഹിക്കുന്നുണ്ട്. ആയതിനാൽ 26.03.2017 ലെ ശബ്ദശകലം നിർമ്മിക്കുകയും, സംപ്രേഷണം ചെയ്യുകയും ചെയ്യുക എന്ന കുറ്റകൃത്യം കുറ്റാരോപിതരായ വ്യക്തികൾ ചെയ്തതിൽ അദ്ദേഹത്തിന്റെ പ്രേരണ ഉണ്ട്.

**നാലാം നമ്പർ ടേംസ് ഓഫ് റഫറൻസിന്മേലുള്ള നിഗമനം:**

ശബ്ദശകലം സംപ്രേഷണം ചെയ്തത് വലിയ രീതിയിൽ ആസൂത്രണം ചെയ്ത ക്രിമിനൽ ഗൂഢാലോചനയുടെ മൂർദ്ധന്യാവസ്ഥയാണ്. അതിനാൽ തന്നെ നിയമവിരുദ്ധവും, താഴെ പറയും പ്രകാരമുള്ള നിയമവിരുദ്ധ പ്രവൃത്തികൾ ഉൾപ്പെട്ടതുമാണ്.

- ഭരണഘടനയുടെ അനുഛേദം 19(2), 21, 51-A(e) എന്നീ വ്യവസ്ഥകളുടെ ലംഘനം.
- 1994 ലെ കേബിൾ ടെലിവിഷൻ നെറ്റ്‌വർക്ക് റൂൾസിൽ നിഷ്കർഷിച്ചിട്ടുള്ള റൂൾ 6(1)(a), 6(1)(d), 6(1)(o), 6(5) എന്നിവ പ്രകാരമുള്ള പ്രോഗ്രാം കോഡിന്റെ ലംഘനം.

- പ്രസ് കൗൺസിൽ ഓഫ് ഇന്ത്യയുടെ മാധ്യമ പ്രവർത്തക പെരുമാറ്റ ചട്ടത്തിന്റെ ലംഘനവും, സ്വയം നിയന്ത്രണത്തിനുവേണ്ടി NBA (News Broadcasters Association) സ്വീകരിച്ചിട്ടുള്ള കോഡ് ഓഫ് പ്രാക്ടീസിന്റെ ലംഘനവും.
- ഐടി ആക്ട് 2000-ത്തിലെ വകുപ്പുകൾ 67, 67A, 84B, 85 എന്നിവ പ്രകാരമുള്ള കുറ്റകരമായ പ്രവൃത്തികൾ.
- 1860 ലെ ഇന്ത്യൻ ശിക്ഷാ നിയമത്തിലെ 109, 120B, 201, 294, 463, 464, 469, 470, 471 വകുപ്പുകൾ പ്രകാരം ശിക്ഷാർഹമായ കുറ്റകൃത്യങ്ങൾ.
- CW1 ആർ. അജിത് കുമാറിനെതിരെ ഇന്ത്യൻ ശിക്ഷാ നിയമത്തിലെ വകുപ്പ് 182 പ്രകാരം ശിക്ഷാർഹമായ കുറ്റം.

ഇതുമായി ബന്ധപ്പെട്ട് സ്വീകരിക്കപ്പെടേണ്ട നിയമനടപടികളെക്കുറിച്ച് ശിപാർശകളിൽ പരാമർശിച്ചിട്ടുണ്ട്.

**അഞ്ചാം നമ്പർ ടേംസ് ഓഫ് റഫറൻസിന്മേലുള്ള നിഗമനം:**

ടേംസ് ഓഫ് റഫറൻസ് ഒന്ന് മുതൽ നാല് വരെയുള്ളതിന്മേൽ നടത്തിയ അന്വേഷണത്തിന്റെ അടിസ്ഥാനത്തിലും, കമ്മീഷൻ മുമ്പാകെ ഹാജരാക്കിയ രേഖകളുടെയും ഇൻഫർമേഷൻ ആന്റ് ബ്രോഡ്കാസ്റ്റിംങ് മന്ത്രാലയം, ഇന്ത്യൻ സർക്കാർ, NBA എന്നിവയിൽ നിന്നും കമ്മീഷൻ ശേഖരിച്ച രേഖകളുടെ അടിസ്ഥാനത്തിലും, താഴെ പറയുന്ന വസ്തുതകൾ ഈ കേസുമായി ബന്ധമുള്ളതാണെന്നും അതിൽ താഴെ പറയുന്ന പ്രശ്നങ്ങൾ കൂടി ഉൾപ്പെട്ടിട്ടുള്ളതാണെന്നും കാണുന്നു:

i. പൗരന്റെ സ്വകാര്യത എന്ന അവകാശത്തിന്മേലുള്ള കടന്നുകയറ്റം.
ii. പൊതുവിൽ മാധ്യമ സ്വാതന്ത്ര്യത്തിന്റെ പരിധി.
iii. മാധ്യമ സ്വാതന്ത്ര്യത്തിന്റെ ദുരുപയോഗം തടയുന്നതിനുള്ള നടപടികൾ.
iv. മാധ്യമ പ്രവർത്തനത്തിന്റെ ധാർമ്മികതയും തൊഴിൽപരമായ നിലവാരവും.

താഴെ പറയുന്ന കാര്യങ്ങൾ ഈ കേസുമായി ബന്ധപ്പെട്ടതാണെന്ന് കമ്മീഷൻ നിരീക്ഷിക്കുന്നു.

1. മാധ്യമസ്വാതന്ത്ര്യം സംരക്ഷിക്കുന്നതിനും ജനങ്ങളുടെ അവകാശങ്ങൾ പ്രാബല്യത്തിൽ വരുത്തുന്നതിനും മാധ്യമസ്ഥാപനങ്ങളുടെ പ്രവർത്തനം നിയന്ത്രിക്കുന്നതിനും മാധ്യമനിയമം അനിവാര്യമാണ്. സ്വയം നിയന്ത്രിക്കുന്നതിന് മാധ്യമ നൈതികതയും അനിവാര്യമാണ്.
2. മാധ്യമ സ്വാതന്ത്ര്യം സംരക്ഷിക്കുന്നതിനും പത്രങ്ങളുടെയും മാധ്യമ ഏജൻസികളുടെയും നടത്തിപ്പിനും അവയുടെ നിലവാരം ഉയർത്തുന്നതിനുമായി പ്രസ് കൗൺസിൽ ആക്ട് 1978 എന്ന പ്രത്യേക നിയമവും പ്രസ് കൗൺസിൽ ഓഫ് ഇന്ത്യ എന്ന സ്റ്റാറ്റ്യൂട്ടറി ബോഡിയും നിലവിലുണ്ട്.
3. സ്വകാര്യ ഇലക്ട്രോണിക് മാധ്യമങ്ങളെ നിയന്ത്രിക്കുന്നതിനും അവയുടെ നടത്തിപ്പിനും നിലവാരം ഉയർത്തുന്നതിനും അത്തരമൊരു പ്രത്യേക നിയമമോ സ്റ്റാറ്റ്യൂട്ടറി ബോഡിയോ നിലവിലില്ല.
4. ഇലക്ട്രോണിക് മാധ്യമങ്ങൾ പ്രസ് കൗൺസിലിന്റെ അധികാരപരിധിയിൽ വരുന്നില്ല.
5. സ്വകാര്യ ഇലക്ട്രോണിക് മാധ്യമങ്ങളെ നിയന്ത്രിക്കുന്നതിൽ കേബിൾ ടെലിവിഷൻ നെറ്റ്‌വർക്ക്സ് (റെഗുലേഷൻ) ആക്ട് 1995, കേബിൾ ടെലിവിഷൻ നെറ്റ്‌വർക്ക് റൂൾസ് 1994 എന്നിവ ഫലപ്രദമല്ല. പ്രസ് കൗൺസിൽ ആക്ട് 1978 ന്റെ സെക്ഷൻ 14ൽ ഉള്ളതുപോലെ, സ്വകാര്യ ഇലക്ട്രോണിക് മാധ്യമങ്ങൾ കേബിൾ ടെലിവിഷൻ നെറ്റ്‌വർക്ക് റൂൾസ് 1994 ലെ റൂൾ 6 ന്റെ കീഴിലുള്ള പ്രോഗ്രാം കോഡ് ലംഘിച്ചാൽ അവയ്ക്കെതിരെ അച്ചടക്ക ലംഘനത്തിന് നടപടി എടുക്കാൻ മിനിസ്ട്രി ഓഫ് ഇൻഫർമേഷൻ ആന്റ് ബ്രോഡ്കാസ്റ്റിംങിന്റെ തലത്തിൽ ഫലപ്രദമായ സംവിധാനം ഇല്ല.
6. ശബ്ദശകലം സംപ്രേഷണം ചെയ്തതിലൂടെ മംഗളം ടെലിവിഷൻ ചാനൽ കേബിൾ ടെലിവിഷൻ നെറ്റ്‌വർക്ക് റൂൾസ് 1994 ലെ റൂൾ 6 ന്റെ കീഴിലുള്ള പ്രോഗ്രാം കോഡ് ലംഘിച്ചു എന്ന് ചൂണ്ടിക്കാ

ണിച്ചുകൊണ്ട് മിനിസ്ട്രി ഓഫ് ഇൻഫർമേഷൻ ആന്റ് ബ്രോഡ്കാസ്റ്റിംങിന് പരാതികൾ ലഭിച്ചിരുന്നു, അന്വേഷണം നടത്താതെയും പരാതിക്കാർക്ക് നോട്ടീസ് അയയ്ക്കാതെയും അവർ പരാതി അവസാനിപ്പിച്ചു.

7. സ്വകാര്യ ഇലക്ട്രോണിക് മാധ്യമങ്ങളിൽ സ്വയം നിയന്ത്രിക്കുന്നതിനുതകുന്ന ഫലപ്രദമായ സംവിധാനങ്ങളില്ല. 2008 ൽ ന്യൂസ് ബ്രോഡ്കാസ്റ്റേഴ്സ് അസോസിയേഷൻ (NBA) കോഡ് ഓഫ് പ്രാക്ടീസ് പ്രസിദ്ധീകരിക്കുകയും, അംഗങ്ങളായ ചാനലുകൾ സംപ്രേഷണം ചെയ്യുന്ന ഉള്ളടക്കത്തിനെതിരെ വരുന്ന പരാതികൾ പരിശോധിക്കാൻ ന്യൂസ് ബ്രോഡ്കാസ്റ്റിംങ് സ്റ്റാന്റേഡ് അതോറിറ്റി (NBSA) രൂപീകരിക്കുകയും ചെയ്തു. വാർത്താ ചാനലുകൾക്ക് NBA യിൽ അംഗത്വം നിർബന്ധമല്ല. മംഗളം ചാനൽ NBA യിൽ അംഗമല്ലാതിരുന്നതിനാൽ അവർക്കെതിരെ വന്ന പരാതികളിൽ നടപടികൾ ഒന്നും സ്വീകരിക്കപ്പെട്ടില്ല.

8. നിലവിലുള്ള നിയമങ്ങളിലെ അപര്യാപ്തത സുപ്രീം കോടതി ചൂണ്ടിക്കാണിച്ചിട്ടുണ്ട്. 1995 സുപ്രീം കോർട്ട് കേസസ് വോള്യം 2 പേജ് 161, 2011 സുപ്രീം കോർട്ട് കേസസ് വോള്യം 13 പേജ് 155 എന്നിവയിൽ പ്രതിപാദിച്ചിരിക്കുന്നതുപോലെ ഇലക്ട്രോണിക് മാധ്യമങ്ങളെ നിയന്ത്രിക്കുന്നതിന് സമഗ്രമായ നിയമം നടപ്പിലാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

9. യു.കെയിൽ ഇലക്ട്രോണിക് മാധ്യമങ്ങളെ നിയന്ത്രിക്കുന്നതിന് കമ്യൂണിക്കേഷൻസ് ആക്ട് 2003 എന്ന സമഗ്രമായ നിയമം ഉണ്ട്. ഇതിൻപ്രകാരം ഇലക്ട്രോണിക് കമ്യൂണിക്കേഷൻസ് നിയന്ത്രിക്കുന്നതിനും, നെറ്റ്വർക്കുകളും സേവനങ്ങളും ഇലക്ട്രോ മാഗ്നെറ്റിക് സ്പെക്ട്രവും ഉപയോഗിക്കുന്നതിനും, ടെലിവിഷൻ റേഡിയോ സംപ്രേഷണങ്ങൾ നിയന്ത്രിക്കുന്നതിനും, പത്രങ്ങളുടെയും മറ്റ് മാധ്യമ സ്ഥാപനങ്ങളുടെയും സംയോജനം സംബന്ധിച്ചും വ്യവസ്ഥകൾ ഉണ്ടാക്കാനായി ഓഫീസ് ഓഫ് കമ്യൂണിക്കേഷൻസിനെ ചുമതലപ്പെടുത്തി.

10. മേൽപറഞ്ഞ സുപ്രീം കോടതി നിർദ്ദേശം അനുസരിച്ച്, ഇന്ത്യൻ ടെലിഗ്രാഫ് ആക്ട് 1885, ഇന്ത്യൻ വയർലെസ് ടെലിഗ്രാഫി

ആക്ട് 1933, കേബിൾ ടെലിവിഷൻ നെറ്റ്‌വർക്ക്സ് (റെഗുലേഷൻ) ആക്ട് 1995, ടെലികോം റെഗുലേറ്ററി ആക്ട് 1997 എന്നിവ പിൻവലിച്ച് യു.കെയിലെ കമ്മ്യൂണിക്കേഷൻസ് ആക്ട് 2003 (ഇതിൻപ്രകാരം ബ്രോഡ്കാസ്റ്റ് മീഡിയയുടെ റെഗുലേറ്ററി ബോഡി ഓഫീസ് ഓഫ് കമ്മ്യൂണിക്കേഷൻസ് ആണ്) ന്റെ മാതൃകയിൽ കേന്ദ്ര സർക്കാരിന് ഒരു സമഗ്ര നിയമം നടപ്പാക്കാവുന്നതാണ്.

11. പ്രസ് കൗൺസിൽ ഓഫ് ഇന്ത്യയുടെ ചെയർമാൻ ആയിരുന്ന സമയത്ത് ജസ്റ്റിസ് മാർക്കണ്ഡേയ കട്ജു നിർദ്ദേശിച്ചതിൻ പ്രകാരം പ്രസ് കൗൺസിലിനെ മീഡിയാ കൗൺസിലായി പരിവർത്തനം ചെയ്യുന്ന കാര്യവും കേന്ദ്ര സർക്കാരിന് പരിഗണിക്കാവുന്നതാണ്. പ്രസ് കൗൺസിൽ ആക്ട് 1978 മീഡിയ കൗൺസിൽ ആക്ട് ആയി പാർലമെന്റ് ഭേദഗതി ചെയ്ത് ഇലക്ട്രോണിക് മീഡിയയെ കൂടി അതിന്റെ പരിധിയിൽ കൊണ്ടുവരാൻ എളുപ്പത്തിൽ സാധിക്കും.
12. സംസ്ഥാനത്തെ മന്ത്രിയുടേത് എന്ന പേരിലുള്ള സംഭാഷണം സംപ്രേഷണം ചെയ്തതിലൂടെ മൗലികാവകാശമായി പ്രസ്താവിച്ചിട്ടുള്ള സ്വകാര്യതയ്ക്കുള്ള അവകാശത്തിന്റെ (Right to Privacy) ലംഘനമുണ്ടായി. അത് മാധ്യമധർമ്മത്തിനും തൊഴിൽ നിലവാരത്തിനും അനുസൃതമായിരുന്നില്ല.
13. മാധ്യമധർമ്മത്തിന്റെയും തൊഴിൽ നിലവാരത്തിന്റെയും ലംഘനത്തിലൂടെ മാധ്യമ സ്വാതന്ത്ര്യം ദുരുപയോഗം ചെയ്യപ്പെട്ടു. സംപ്രേഷണം എന്നത് തിരക്കേറിയ ഒരു കമ്പോള ഇടമായി മാറിയിരിക്കുന്നതിനാൽ പ്രേക്ഷകരെ ആകർഷിക്കാനായി ചാനലുകൾ അന്യോന്യം മത്സരത്തിൽ ഏർപ്പെടുകയും മാധ്യമധർമ്മത്തിന്റെ നിലവാരം കൂപ്പുകുത്തുകയും ചെയ്തിരിക്കുന്നു.
14. മാധ്യമങ്ങൾ അനിയന്ത്രിതമായ സ്വാതന്ത്ര്യം അനുഭവിക്കുന്നു. അവർ മാധ്യമവിചാരണ നടത്തുന്നതിനാൽ ക്രമസമാധാനവും നീതിനിർവഹണവും ഉറപ്പുവരുത്തുന്നതിന് തടസ്സമുണ്ടാകുന്നു.
15. സ്വകാര്യ ഇലക്ട്രോണിക്/സംപ്രേഷണ മാധ്യമങ്ങൾക്ക് ലൈസൻസ് നൽകുന്ന വ്യവസ്ഥകളിൽ കേന്ദ്ര സർക്കാർ മാറ്റങ്ങൾ

വരുത്തേണ്ടത് അനിവാര്യമാണ്. മാധ്യമ കമ്പോളത്തിലെ വലിയ തിരക്ക് അനാരോഗ്യകരമായ മത്സരത്തിനും, പരിപാടികളുടെ നില വാരത്തകർച്ചയ്ക്കും ഇടയാക്കിയിട്ടുണ്ട്. പ്രാദേശിക ഭാഷകളിലെ വാർത്താ മാധ്യമങ്ങളുടെ എണ്ണം നിയന്ത്രിക്കേണ്ടതുണ്ട്. അതിനുള്ള നയം സംസ്ഥാനത്തെ ജനസംഖ്യ, ഭാഷയുടെ പ്രചാരം, രാജ്യത്തിന്റെയും സമൂഹത്തിന്റെയും താത്പര്യങ്ങൾ തുടങ്ങിയ ഘടകങ്ങൾ എന്നിവ കണക്കിലെടുത്ത് ഭരണഘടനയുടെ അനുച്ഛേദം 19(2) അടിസ്ഥാനപ്പെടുത്തി സർക്കാരിന് തീരുമാനിക്കാവുന്നതാണ്.

16. സംസ്ഥാനത്തെ മന്ത്രിയുടേതെന്ന പേരിൽ സംപ്രേഷണം ചെയ്യപ്പെട്ട ശബ്ദശകലവുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള കേസുകളുടെ അന്വേഷണത്തിൽ ഗുരുതരമായ വീഴ്ച ഉണ്ടായിട്ടുണ്ട്. സംഭാഷണം റെക്കോർഡ് ചെയ്തു എന്ന് ആരോപിക്കപ്പെട്ടിട്ടുള്ള മുഖ്യപ്രതിയെ ചോദ്യം ചെയ്യുന്നതിൽ വലിയ കാലതാമസം ഉണ്ടായിട്ടുണ്ട്. അതിന്റെ കാരണം വ്യക്തമല്ല. മുൻ മന്ത്രി എ.കെ. ശശീന്ദ്രന്റെ മൊഴി ഇനിയും രേഖപ്പെടുത്തിയിട്ടില്ല.
17. ശബ്ദശകലം ഫെയ്സ്ബുക്കിലും യുട്യൂബിലും പോസ്റ്റ് ചെയ്തതിലൂടെ മംഗളം ന്യൂസ് ചാനൽ സൈബർ കുറ്റകൃത്യങ്ങളും ചെയ്തിരിക്കുന്നു.
18. ഇന്ത്യൻ ശിക്ഷാ നിയമം 1860 ലെ 294-ാം വകുപ്പ് ഭേദഗതി ചെയ്യേണ്ടതുണ്ട്. ഇപ്പോൾ വകുപ്പിൽ 'സംപ്രേഷണം' എന്ന വാക്ക് ചേർക്കപ്പെട്ടിട്ടില്ല. അത് ചേർത്ത് ഇലക്ട്രോണിക് മാധ്യമങ്ങളിലൂടെ അശ്ലീല വാക്കുകൾ, പ്രവൃത്തികൾ, പാട്ടുകൾ എന്നിവ സംപ്രേഷണം ചെയ്യുന്നതിലൂടെ ഉണ്ടാകുന്ന നിയമലംഘനം അതിന്റെ ഭാഗമാക്കണം.
19. കേരളത്തിൽ സൈബർ കുറ്റകൃത്യങ്ങൾ കൂടുതലാണ്. എല്ലാ ജില്ലയിലും സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിനും അന്വേഷിക്കുന്നതിനും പരിശീലനം സിദ്ധിച്ച പോലീസ് ഉദ്യോഗസ്ഥരുൾപ്പെടുന്ന സൈബർ ക്രൈംസ് ഡിവിഷൻ അത്യാവശ്യമാണ്.
20. സൈബർ കുറ്റകൃത്യങ്ങൾ ഉൾപ്പെടുന്ന കേസുകൾ പെട്ടെന്ന് തീർപ്പാക്കുന്നതിന് പ്രത്യേക കോടതികൾ ആവശ്യമാണ്.

21. കേരളത്തിലെ മാധ്യമ വിദ്യാഭ്യാസം നവീകരിക്കേണ്ടതിന്റെ ആവശ്യകതയുണ്ട്. സ്കൂൾതലം തൊട്ട് മാധ്യമ വിദ്യാഭ്യാസം ലഭ്യമാക്കി ഉത്തരവാദിത്തത്തോടെയുള്ള മാധ്യമ പ്രവർത്തനം പ്രോത്സാഹിപ്പിക്കുന്നതിന് സർക്കാരിന് മുൻകൈ എടുക്കാവുന്നതാണ്. ധാർമ്മികമായ പത്രപ്രവർത്തന ശൈലി സ്വീകരിക്കാൻ മാധ്യമസ്ഥാപനങ്ങളെ പ്രേരിപ്പിക്കേണ്ടതാണ്. ധാർമ്മികമായ പത്രപ്രവർത്തന ശൈലിയെക്കുറിച്ച് അവബോധം സൃഷ്ടിക്കാൻ കേരള മീഡിയ അക്കാദമിയുടെ സേവനം പ്രയോജനപ്പെടുത്താവുന്നതാണ്.

22. സംസ്ഥാന-കേന്ദ്ര മന്ത്രിമാർക്ക് പൊതുവായും, പ്രത്യേകിച്ച് മാധ്യമ പ്രവർത്തകരോടും മാധ്യമങ്ങളോടും ഇടപെടുന്നത് സംബന്ധിച്ചും ഒരു പെരുമാറ്റ ചട്ടം ആവിഷ്കരിക്കേണ്ടത് ആവശ്യമാണ്. ജനാധിപത്യ സർക്കാരിന് കാര്യക്ഷമമായും ഫലപ്രദമായും പ്രവർത്തിക്കാൻ ഇത് ഉപകരിക്കും.

സെക്ഷൻ ഓഫീസർ